ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട് ,തിരുവനന്തപുരം-695 023

05.08.2025

NO.C.1/SPST/2025/2878

# ക്വട്ടേഷൻ നോട്ടീസ്

## വിഷയം: വിനായക ചതുർത്ഥി-2025

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ **27.08.2025**ൽ നടക്കുന്ന വിനായകചതുർത്ഥിയോടനുബന്ധിച്ച് അഗ്രശാല ഗണപതി ക്ഷേത്രത്തിനകവും, പുറവും കഴുകി വൃത്തിയാക്കി വെള്ളയടിച്ച് വാതിലുകളും, മറ്റും പെയിന്റിംഗ് ചെയ്യുന്നതിനും, വെള്ളതുണി കെട്ടുന്നതിനും ചതുർത്ഥിയുടെ തലേദിവസം കുരുത്തോലകളും, മൂന്ന് സെറ്റ് വാഴക്കുലകളും, ആയതിലേയ്ക്കാവശ്യമായ കരിക്കിൻകുലകളും കൊണ്ടു വന്ന് കെട്ടി അലങ്കരിക്കുന്നതിനും മറ്റുമുള്ള ജോലികൾ നടത്തുന്നതിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത പണികൾക്കുള്ള സാധനവിലയും, പണിക്കൂലിയും (**ജി.എസ്.റ്റി ഉൾപ്പെടെ**) പ്രത്യേകം രേഖപ്പെടുത്തി ക്വട്ടേഷൻ **14.08.2025** രാവിലെ **11.30** മണിക്ക് മുമ്പ് മതിലകം ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ സീൽ ചെയ്ത കവറിൽ **"വിനായക ചതുർത്ഥി മരാമത്ത് പണികൾ"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാകുന്നു. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 12.00 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ സ്വീകരിച്ച് വർക്ക് ഓർഡർ നൽകുന്ന മുറക്ക് മതിലകം ഓഫീസിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി പണികൾ നിർവഹിച്ച് നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുള്ളവർക്ക് എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയുള്ള സമയത്ത് വടക്കേനടയിലുള്ള ക്ഷേത്രം ഓഫീസിൽ സമീപിച്ച് അറിയാവുന്നതാണ്..

എക്സിക്യൂട്ടീവ് ആഫീസർ

**പകർപ്പ്- എ.ഒ, എഫ്.എ.ഒ, ചീഫ് വിജിലൻസ് ഓഫിസർ, അസ്സി: അക്കൗണ്ട്സ് ആഫീസർ, സിസ്റ്റം ഓഫിസർ, ആഡിറ്റ്,, പർച്ചേസ് സെക്ഷൻ, സി 3 സെക്ഷൻ, വെബ്സൈററ്, നോട്ടീസ് ബോർഡ്, എല്ലാ നടകളിലും,**

KKB